Draft #3 of File 49181/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 04-Jan-2020 03:07 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നിന്നും ലഭിക്കുവാനുള്ള വിവിധയിനം ഫീസിനത്തിൽ നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നത് കാര്യക്ഷമമാക്കുന്നതിനുള്ള അധിക നിർദേശങ്ങൾ സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 69/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.01.2020

---

പരാമർശം:-1. സർവകലാശാല ഉത്തരവ് നം. 6378/ACA1/2019/എം.ജി.യു., തീയതി 12.12.2019
2. സർവകലാശാല ഉത്തരവ് നം. 6689/ACA1/2019/എം.ജി.യു., തീയതി 27.12.2019
3. ബഹു. വൈസ് ചാന്സലറുടെ കുറിപ്പ് നമ്പർ വി.സി.702/ 01/ 001 / 2020 തീയതി 01.01.2020.

**ഉത്തരവ്**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നിന്നും ലഭിക്കുവാനുള്ള വിവിധയിനം ഫീസിനത്തിൽ ഭീമമായ കുടിശിക നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടപ്പോൾ ഇത്തരം കുടിശ്ശിക എത്രയും വേഗം പിരിച്ചെടുക്കുന്നതിനായി പരാമർശം (1), (2) പ്രകാരം നിർദേശങ്ങൾ നൽകിയിരുന്നു. എന്നാൽ മിക്ക കോളേജുകളും തുക ഒടുക്കുന്നില്ലായെന്നും ചില സ്ഥാപനങ്ങൾ കുടിശ്ശിക തുക ഒടുക്കുന്നതിൽ നിന്നും ഇളവ് ലഭിക്കുന്നതിനായി കൂടുതൽ സമയം ആവശ്യപ്പെടുന്നതായും ചില കൊളേജുകൾക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ കുടിശ്ശിക ഒടുക്കിക്കൊള്ളാമെന്ന രേഖാമൂലമുള്ള ഉറപ്പിന്മേൽ ഇളവ് അനുവദിച്ചു നൽകുന്നതായും ശ്രദ്ധയിൽപെട്ടതിനാൽ ഫീസിനത്തിലുള്ള കുടിശ്ശിക പൂർണമായും പിരിച്ചെടുക്കുന്നതിനായി താഴെ പറയുന്ന അധിക നിർദേശങ്ങൾ കൂടി അടിയന്തരമായി നടപ്പിലാക്കുന്നതിന് പരാമർശം (3) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. പരാമർശം (1), (2) പ്രകാരമുള്ള ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ യാതൊരു വിധത്തിലുള്ള ഇളവുകളും അനുവദിക്കാൻ പാടുള്ളതല്ല. ഇക്കാര്യത്തിൽ ഏതെങ്കിലും വിധത്തിലുള്ള വീഴ്ചയുണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ നിന്നുമുള്ള കുടിശ്ശിക പിരിവ് 31.01.2020 നകം പൂർത്തീകരിക്കേണ്ടതും ഡി സി ബി സംബന്ധമായ പരിശോധന 31.03.2020 നകം പൂർത്തീകരിക്കേണ്ടതുമാണ്.

3. കുടിശ്ശിക ഒടുക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് പരാമർശം (1), (2) ഉത്തരവുകളിൽ നിഷ്കർഷിക്കും പ്രകാരം സർവകലാശാലയിൽ നിന്നും ലഭ്യമാക്കേണ്ടതായ സേവനങ്ങൾ കുടിശ്ശിക ഒടുക്കിയ ശേഷം മാത്രം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ യാതൊരു വിധ ഇളവും അനുവദിക്കുവാൻ പാടുള്ളതല്ല.

4. അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ടതായ ഫീസിനത്തിലുള്ള കുടിശ്ശിക പിരിക്കുന്നത് സംബന്ധമായ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും 10 ആം തീയതിക്കകം വൈസ് ചാൻസിലറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ .
2.വി സി / പി വി സി / എന്നിവരുടെ പി.എസ് മാർ.
3.രജിസ്ട്രാർ /എഫ്ഒ / സി ഇ എന്നിവരുടെ പി എ മാർ.
4.ജെ ആർ /ഡി ആർ /എ ആർ (അക്കാഡമിക്/പരീക്ഷ/ഫിനാൻസ്).
5.സിറ്റാഡ് / ഐകയുഎസി / പി ആർ ഒ / അന്വേഷണം / കണ്ടെന്റ് മാനേജ്മെന്റ് സെൽ.
6.എ സി സി 1/എ സി സി 2/എ റ്റി ആർ /എസി ബി 6 /എസിബി 7/എസിബി 8.
7.ഇന്റേണൽ ഓഡിറ്റ്1/ 2 / അക്കൗണ്ട്സ് iii/അക്കൗണ്ട്സ് v / വിവിധ അക്കാഡമിക് സെക്ഷനുകൾ
8.കരുതൽ ഫയൽ/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 49181/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 04-Jan-2020 03:07 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം